(ബി) കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നില്ല. ബുദ്ധിപരമായും ഭാഷാപരമായും പരിമിതികൾ ഉള്ള (HI,MR) വിഭാഗം കുട്ടികൾക്കാണ് ഗ്രേസ് മാർക്ക് നൽകിവരുന്നത്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസ്ഥി സംബന്ധമായ വൈകല്യമുള്ള കുട്ടികളെ സ്കൂളിൽ കൊണ്ടുവരുന്നതിന് 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രതിവർഷം 750 രൂപ സംസ്ഥാന സർക്കാരും 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 850 രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്. എസ്.-ൽ ഉൾപ്പെടുത്തി എസ്കോർട്ട് അലവൻസായി നൽകിവരുന്നുണ്ട്. കൂടാതെ ആയയുടെ സേവനവും നൽകിവരുന്നു. പരീക്ഷകളിൽ അധികസമയത്തിനുപുറമേ എഴുതാൻ ബുദ്ധിമുട്ടുള്ളവർക്ക് സ്ക്രൈബിന്റെ സേവനവും ലഭ്യമാക്കാറുണ്ട്. ബുദ്ധിപരമായ പ്രശ്നങ്ങൾ ഉള്ളവർക്കാണ് ഗ്രേസ് മാർക്ക് അനുവദിച്ചുവരുന്നത്.

ദേശീയ സ്കൂൾ മീറ്റ് വിഭജനം

45 (5114) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സ്കൂൾ മീറ്റ് വിഭജിക്ക (ആൺ-പെൺ)പ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തീരുമാനം നടപ്പാക്കിയാൽ കേരളത്തിന് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെൺകുട്ടികളുടെ മികവിലാണ് കഴിഞ്ഞ കുറേ വർഷങ്ങളായി കേരളം ദേശീയ സ്കൂൾ കിരീടം നേടി വരുന്നതെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ സ്കൂൾ മീറ്റുകൾ നടത്തുന്നതിനുള്ള സമയക്രമവും മീറ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട പൊതുവായ തീരുമാനങ്ങളും തീരുമാനിക്കുന്നത് സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ വച്ചാണ്. സ്കൂൾ ഗെയിംസ് നടത്തിപ്പിന്റെ പൂർണ്ണ അധികാരി സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ ആണെന്നതിനാൽ അവിടെനിന്നും നൽകുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ മാത്രമേ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒന്നിച്ചു നടത്താനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവമാണ് മൽസരങ്ങൾ രണ്ടായി നടത്താൻ SGFI-യെ നിർബന്ധിതമാക്കിയത്. ഇതിൽ ഇടപെടുന്നതിന് സംസ്ഥാന വിദ്യാഭ്യാസവകുപ്പിന് കഴിയില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. SGFI യുടെ തീരുമാനം മാറ്റുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് സാധിക്കുകയില്ല. ഭൗതിക സാഹചര്യങ്ങളുടെ കുറവാണ് രണ്ടുമൽസരങ്ങളും രണ്ടായി നടത്തുന്നതിന് പ്രേരകമായത്.

എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) നിയമനം

46 (5115) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:35 എന്ന അനുപാതത്തിലാണോ നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 1:35 എന്ന അനുപാതത്തിൽ ഫിക്സേഷൻ നടത്തിയതിനുശേഷം അധികംവരുന്ന എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) അധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിച്ചിട്ട് ഏകദേശം ഒരു വർഷക്കാലമായിട്ടും എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) 2015-16 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) 5 പെൻഷൻ വേക്കൻസികളുടെ 50% പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നൽകാത്തതിന്റെകാരണം വ്യക്തമാക്കാമോ ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly